II. ശ്രദ്ധക്ഷണിക്കൽ

(1) നദികളിൽ നിന്നും മണൽ ശേഖരിക്കുന്നതിന് ഈടാക്കുന്ന ഫീസ് നദികളുടെ സംരക്ഷണത്തിനും ജലവിതരണപദ്ധതികൾക്കും വേണ്ടി വിനിയോഗിക്കണമെന്ന ആവശ്യം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിലെ നദികളിൽനിന്നും മണൽ വാരുന്നതിലൂടെ കോടിക്കണക്കിന് രൂപ സർക്കാരിന്റെ ഖജനാവിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. അത് ശരിയായ രീതിയിൽ വിനിയോഗിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് ബഹുമാന്യനായ ജലസേചനമന്ത്രി മറുപടി പറയുമെന്നാണ് വിചാരിച്ചത്. ഇപ്പോൾ മനസ്സിലാക്കിയത് റവന്യൂ മന്ത്രിയാണ് മറുപടി പറയുന്നത് എന്നാണ്. ആരു പറഞ്ഞാലും ഗുണപരമായ മറുപടി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. നദികളേയും നദീതീരങ്ങളേയും സംരക്ഷിക്കാൻ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം നമ്മുടെ നിയമസഭ പാസ്സാക്കുകയുണ്ടായി. അതനുസരിച്ച് ചട്ടങ്ങളും തയ്യാറാക്കുകയുണ്ടായി. എന്നാൽ നിയമം വന്നു എങ്കിലും നമ്മുടെ നദിയെ സംരക്ഷിക്കാനോ നദീതീരങ്ങളെ സംരക്ഷിക്കാനോ കഴിയുന്നില്ല. എന്നു മാത്രമല്ല നദികളും നദീതീരങ്ങളും മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ നാശത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ നാശത്തിന് പ്രധാനപ്പെട്ട കാരണം ഒരു നിയന്ത്രണവും ഇല്ലാത്ത മണൽ വാരൽ ആണ്. അന്ന് ഈ നിയമം ഈ സഭയിൽ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ഞാൻ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു, മുൻകാലങ്ങളിൽ നമ്മൾ മദ്യമാഫിയ, ഗുണ്ടാമാഫിയ, എന്നെല്ലാമാണ് കേട്ടുകൊണ്ടിരുന്നതെങ്കിൽ ഇനി മണൽമാഫിയ എന്നുള്ള സംഘം രൂപം കൊള്ളും എന്നുള്ള കാര്യം സൂചിപ്പിച്ചിരുന്നു. അത് ഇപ്പോൾ നമ്മുടെ കേരളത്തിൽ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. മണൽ മാഫിയയാണ് ഇന്ന് ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നത്. മണൽ മാഫിയ മണൽ കൊള്ള നടത്തുകയാണ്. ആ മണൽ മാഫിയക്ക് നമ്മുടെ പോലീസ് വകുപ്പും, അതുപോലെ റവന്യൂ വകുപ്പും കൂട്ടു നിൽക്കുകയാണ്. അവർ കോടിക്കണക്കിനു രൂപ സമ്പാദിക്കുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ നമ്മുടെ സർക്കാരിന്റെ വിവിധ ഏജൻസികൾക്ക് കോടിക്കണക്കിനു രൂപയാണ് ഈ മണൽ വാരലിലൂടെ ലഭിക്കുന്നത്. പ്രാഥമികമായിട്ട് ഒരു കണക്കെടുത്തു ഞാൻ പരിശോധിച്ചപ്പോൾ മനസ്സിലായത് വിവിധ ജില്ലകളിലായിട്ട് ഏകദേശം മുപ്പതുകോടി മുപ്പത്തഞ്ചു ലക്ഷത്തി അറുപത്തിയെണ്ണായിരം രൂപ റിവർ മാനേജ്മെന്റ് കമ്മിറ്റിക്ക് മാത്രമായിട്ട് കിട്ടിയിട്ടുണ്ടെന്നാണ്. ഓരോ ജില്ലകളിലും ഉള്ള എം. എൽ. എ.-മാർ ശ്രദ്ധിക്കുന്നത് നല്ലതായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. തിരുവനന്തപുരം ജില്ലയിൽ ഏകദേശം അൻപതു ലക്ഷത്തി എഴുപത്തിയെണ്ണായിരം രൂപ റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ കൈയിൽ ഉണ്ട്. കൊല്ലം ജില്ലയിൽ നൂറ്റി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപയുണ്ട്. പത്തനംതിട്ട ജില്ലയിൽ രണ്ടുകോടി അറുപതു ലക്ഷം രൂപയുണ്ട്. ആലപ്പുഴ ജില്ലയിൽ പന്ത്രണ്ടു ലക്ഷം രൂപ, കോട്ടയത്ത് അൻപത്തൊമ്പത് ലക്ഷം രൂപ, ഇടുക്കിയിൽ മുപ്പത്തിഒൻപത് ലക്ഷത്തി അറുപ്പത്തൊൻപതിനായിരം രൂപ, എറണാകുളം ജില്ലയിൽ മൂന്നുകോടി എഴുപത്തിനാലു ലക്ഷം രൂപയാണ്.

9.30 A. M.]

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയിൽ നാലുകോടി നാൽപ്പത്തിയേഴുലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ. പാലക്കാട് ജില്ലയിൽ രണ്ട് കോടി എൺപത്തൊമ്പത് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ. ഏഴുകോടി എഴുപതു ലക്ഷം രൂപയാണ്. കോഴിക്കോടു ജില്ലയിൽ നാലു കോടി എഴുപത്തിരണ്ടു ലക്ഷത്തി എൺപത്തിയേഴായിരം രൂപ. വയനാട് ജില്ലയിൽ രണ്ടു കോടി പതിനേഴു ലക്ഷം രൂപ.

മി. സ്പീക്കർ: എല്ലാം കൂടി എത്രയെന്ന് പറഞ്ഞാൽ മതി.

ശ്രീ. കെ. രാധാകൃഷ്ണൻ: മൊത്തമാണ് പറയുന്നത്. എല്ലാ ജില്ലകളിലേയും തുക ചെലവഴിക്കാതെ കെട്ടിക്കിടക്കുകയാണ്. റിവർ മാനേജ്മെന്റ് കമ്മിറ്റികൾ വഴി ഏകദേശം മുപ്പതുകോടി മുപ്പത്തിയഞ്ചുലക്ഷത്തി അറുപത്തെണ്ണായിരം രൂപ സംഭരിച്ചിട്ടുണ്ട്. നദികളേയും പുഴകളേയും അതുപോലെ പുഴയോരങ്ങളേയും ഒക്കെ സംരക്ഷിക്കേണ്ട പൈസയാണ് കെട്ടിക്കിടക്കുന്നത്. നദിയേയും നദീതീരത്തേയും സംരക്ഷിക്കാൻ വേണ്ടിയുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് പ്രോജക്ട് തയ്യാറാക്കി ജില്ലകളിൽ നിന്നും ഗവൺമെന്റുകളിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് അംഗീകാരം കിട്ടാത്തതുകൊണ്ടാണ് ഈ പദ്ധതികൾ ഒന്നും നടപ്പാക്കാൻ കഴിയാത്തതെന്നാണ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പറയുന്നത്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും, റവന്യൂ ഡിപ്പാർട്ട്മെന്റും തമ്മിൽ ഇക്കാര്യത്തിൽ തർക്കം നിലനിൽക്കുകയാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, മുഖ്യമന്ത്രിതന്നെ രണ്ടു വകുപ്പിലേയും ആളുകളെ വിളിച്ചുവരുത്തി ഈ പൈസ വിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും റവന്യൂ ഡിപ്പാർട്ട്മെന്റും തമ്മിലുള്ള തർക്കവും അല്ലെങ്കിൽ സാങ്കേതിക പ്രശ്നങ്ങളുമാണ് ഫണ്ട് വിനിയോഗിക്കാൻ ഇപ്പോൾ തടസ്സമായിരിക്കുന്നതെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഓരോ ജില്ലകളിലും നടന്ന ചർച്ചകളിൽ നിന്നാണ് ഇത് മനസ്സിലാക്കിയത്. ഈ പ്രശ്നം പരിഹരിക്കാൻ മുഖ്യമന്ത്രിതന്നെ ഇടപെടണം. ഒരുപാട് പ്രയാസങ്ങൾക്കിടയിലാണ് അങ്ങ്, അതിന്റെ കൂടെ ഈ കാര്യത്തിൽ കൂടി അങ്ങ് ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വിവിധ പുഴകളിൽ കടവ് കമ്മിറ്റികളും, അതുപോലെ ജില്ലകളിൽ വിദഗ്ദ്ധ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. കടവു കമ്മിറ്റികളുടേയും ഇപ്പോഴത്തെ വിദഗ്ദ്ധ കമ്മിറ്റികളുടേയും പ്രവർത്തനമെന്നു പറയുന്നത് പുഴയെ സംരക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് ഓരോ ജില്ലകളിലും രൂപീകരിച്ച കമ്മിറ്റികളിൽ വിദഗ്ദ്ധൻമാരാരും ഇല്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പുഴ കാണാത്ത ആളുകൾ പോലും ഈ കമ്മിറ്റിയിൽ ഉണ്ടെന്നാണ് മനസ്സിലാകുന്നത്. എന്റെ മണ്ഡലത്തിൽ ഭാരതപ്പുഴ ഒഴുകുന്ന ഏകദേശം അഞ്ച് പഞ്ചായത്തുകളുണ്ട്. ഞങ്ങളൊന്നും ആ കമ്മിറ്റിയിൽ ഇല്ല. മണലിനെക്കുറിച്ചും പുഴയെക്കുറിച്ചും അറിയാത്ത ആളുകളാണ് കമ്മിറ്റിയിൽ ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എം. എൽ. എ. മാരില്ലേ?

ശ്രീ. കെ. രാധാകൃഷ്ണൻ: എം. എൽ. എ. മാരില്ല.

മി. സ്പീക്കർ: എം. എൽ. എ. മാർ വേണ്ട എന്നുള്ള അഭിപ്രായം വന്നു. എം. എൽ. എ. മാർ ഉണ്ടാകുന്നതാണ് നല്ലതെന്നുണ്ടെങ്കിൽ I can give instructions.

ശ്രീ. കെ. രാധാകൃഷ്ണൻ: ഞാൻ പറഞ്ഞുവരുന്നത് വിദഗ്ദ്ധ കമ്മിറ്റികൊണ്ട് നമ്മുടെ റിവർ മാനേജ്മെന്റിന് യാതൊരു ഗുണവും ഇല്ല. എനിക്ക് അവസാനമായി പറയാനുള്ളത് റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ പേരിൽ നമ്മുടെ സംസ്ഥാനത്ത് പിരിച്ചുവെച്ച തുക ഉപയോഗിച്ചുകൊണ്ട് നമ്മുടെ നദികളേയും നദിയിലെ ജല ത്തേയും നദീതീരങ്ങളേയും സംരക്ഷിക്കണം. ആ ഫണ്ട് ഉപയോഗിച്ചുകൊണ്ട് തടയ ണകളോ അടയണകളോ പണിയുകയാണെങ്കിൽ തീർച്ചയായിട്ടും ഒരു പാട് വെള്ളം നമുക്ക് സംഭരിച്ചു വയ്ക്കാൻ കഴിയും. അത് കുടിവെള്ളത്തിനും ജലസേചനത്തിനും എല്ലാം ഉപയോഗപ്രദമാകും എന്നുള്ളതുകൊണ്ട് ഈ ഫണ്ട് ഫലപ്രദമായിട്ട് വിനി യോഗിക്കണമെന്ന് ഞാൻ വിനയപുരസരം അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പർക്ക് ചില തെറ്റിദ്ധാരണകൾ ഉണ്ടായിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. റവന്യൂ വകുപ്പും, വാട്ടർ അതോറിറ്റി അല്ലെങ്കിൽ ജലസേചനവകുപ്പുമായിട്ട് യാതൊരു തർക്ക വുമില്ല. ബഹുമാനപ്പെട്ട മെമ്പർ നിയമവും റൂളും നോക്കാത്തതുകൊണ്ടാണ് കുഴപ്പം. റിവർ മാനേജ്മെന്റ് ഫണ്ട് എന്നു പറയുന്നത് റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ഈ നിയമമനുസരിച്ച് വിദഗ്ദ്ധസമിതി പഞ്ചായത്തുകളുമായി ആലോചിച്ച് പദ്ധതികൾ തയ്യാറാക്കണം. റിവർ മാനേജ്മെന്റിന്റെ കാര്യത്തിലും റവന്യൂ വകുപ്പ് അല്ലാതെ മറ്റ് ഡിപ്പാർട്ട്മെന്റുകളല്ല. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റല്ല. വാട്ടർ അതോറിറ്റിയല്ല. നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിരിക്കുന്നത് പഞ്ചായത്തുകളുമായിട്ട് ആലോചിച്ച് ജില്ലാ വിദഗ്ദ്ധ സമിതികൾ പദ്ധതികൾ തയ്യാറാക്കണമെന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് പോലെ തുക ഇവിടെ കെട്ടിക്കിടക്കുന്നില്ല. ഈ പറഞ്ഞതു ശരിയാണ്, എല്ലാ ജില്ലകളും എടുക്കുകയാണെങ്കിൽ മുപ്പതു കോടിയോളം രൂപ വന്നിട്ടുണ്ട്. പ്രോജക്ടുകൾ തയ്യാറാക്കി ഗവൺമെന്റിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് എ. എസ്. കൊടുക്കും. ഉടനെ തന്നെ ആ പദ്ധതികൾക്കു വേണ്ടി തുക ചെലവഴിക്കാൻ പോകുകയാണ്. അല്ലാതെ വന്നയുടനെ കുറെശ്ശെ കുറെശ്ശെ കാശ് കൊടുക്കുകയല്ല. ഒരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടത് ഈ നിയമം പാസ്സാക്കി റൂളുകളൊക്കെ നിലവിൽ വന്നു. 879 ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചു. അത് കഴിഞ്ഞ് കടവ് കമ്മിറ്റികൾ രൂപീകരിച്ചത് 2002 ഡിസംബറിലാണ്. വാസ്തവത്തിൽ ഈ നിയമം പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞത് 2002 ഡിസംബറോടു കൂടിയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് എന്നു പറയുന്നത് ചിലവു കഴിഞ്ഞ് ആകെ മണൽ വിറ്റു കിട്ടുന്ന രൂപയിൽ 50% പഞ്ചായത്തുകൾക്ക് കൊടുക്കും, 50% റിവർ മാനേജ്മെന്റിന് വരും. പഞ്ചായത്തുകൾക്ക് കിട്ടുന്ന 50% ഫണ്ടിൽ നിന്ന് വേണമെങ്കിൽ കുടിവെള്ള പദ്ധതികൾക്കു വേണ്ടി ചെലവഴിക്കാം. റിവർ

LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെന്റിന് കിട്ടുന്ന തുകയെ സംബന്ധിച്ചിടത്തോളം പ്രധാനമായും നദീതീര സംരക്ഷണത്തിനുവേണ്ടിയാണ് ചെലവഴിക്കുന്നത്. റൂൾ 18 അനുസരിച്ച്, ഇതാണ് ബഹുമാനപ്പെട്ട രാധാകൃഷ്ണനോട് നോക്കണമെന്നു പറഞ്ഞത്. ജില്ലാ വിദഗ്ദ്ധ സമിതികളും പഞ്ചായത്തുകളുമായിട്ട് ആലോചിച്ച്, കടവു കമ്മിറ്റികളുമായിട്ട് ആലോചിച്ച് പദ്ധതിയുണ്ടാക്കണം. ഇപ്രകാരമുള്ള പദ്ധതികൾ പിന്നെ ഗവൺമെന്റിലേക്ക് വരും. ഗവൺമെന്റ് എ. എസ്. കൊടുക്കുകയാണ്. ഇതാണ് അതിന്റെ നടപടിക്രമങ്ങൾ. എല്ലാ ജില്ലകളിലും ജില്ലാ വിദഗ്ദ്ധസമിതി പരിശോധിച്ച് റെക്കമെന്റ് ചെയ്തിട്ടുള്ള പദ്ധതികൾ ഇപ്പോൾ ഗവൺമെന്റിലേക്ക് അയച്ചു തന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഇപ്പോൾ എ. എസ്. കൊടുക്കും. ഒരു ആശങ്കയും വേണ്ട. ഈ വരുന്ന പദ്ധതികൾ മുഴുവൻ ഗവൺമെന്റ് നടപ്പിലാക്കും. അല്ലാതെ രൂപ വെറുതെ കെട്ടിക്കിടക്കുന്നു എന്നുള്ള ആശങ്ക തെറ്റാണ്. ഈ വർഷത്തിൽ മുഴുവനും നദീ സംരക്ഷണത്തിന് വേണ്ടി ചെലവഴിക്കാൻ കഴിയും. ഇതിനെപ്പറ്റി ഒരു ആശങ്കയും വേണ്ട. ഗവൺമെന്റ് ഇത് വളരെ വേഗതയിൽ ശ്രദ്ധ പതിപ്പിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി പദ്ധതികൾ തയ്യാറാക്കി വരികയാണെന്ന്. ത്രിതല പഞ്ചായത്തുമായി സഹകരിച്ച് ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എം. മാണി:</u> പല വിദഗ്ദ്ധ സമിതികളും പല ജില്ലകളിൽ നിന്നും പദ്ധതികൾ അയച്ചു തന്നിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിന്ന് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. പല ജില്ലകളിൽ നിന്നും വന്നു കൊണ്ടിരിക്കുകയാണ്. എ. എസ്. നൽകി പിന്നെ ടെന്റർ കൊടുക്കും.

(2) <u>കോഴിക്കോട് നഗരത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കണ്ടെത്താനുള്ള നടപടികൾ</u>

<u>ശ്രീ. എ. സുജനപാൽ:</u> കോഴിക്കോട് നഗരത്തിലെ ശുദ്ധജല പ്രശ്നത്തെ സംബന്ധിച്ചാണ് ഞാൻ ഇവിടെ ശ്രദ്ധ ക്ഷണിക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ മറ്റ് പ്രധാനപ്പെട്ട നഗരങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ കോഴിക്കോട് നഗരത്തിലെ കുടിവെള്ള പദ്ധതിയെ സംബന്ധിച്ചിടത്തോളം ഒരു അവഗണനയുണ്ടായിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഏതാണ്ട് മുനിസിപ്പാലിറ്റിയായിരുന്ന കാലത്ത് പൂളക്കടവിൽ നിന്നു മാത്രമായിരുന്നു പമ്പിംഗ്. 1970-ലാണ് കൂളിമാട് നിന്നുള്ള പമ്പിംഗ് സ്റ്റേഷൻ ആരംഭിച്ചത്. അതിനുശേഷം ഏതാണ്ട് പത്തിരുപത് വർഷക്കാലമായിയാതൊരു മാറ്റവുമില്ലാതെ പമ്പിംഗ് തുടർന്നു. 1992-93 കാലത്ത് ശ്രീ. ടി. എം. ജേക്കബ് ജലസേചനവകുപ്പ് മന്ത്രിയായിരുന്ന കാലത്താണ് 2-ാം ഘട്ടം പൂർത്തീകരിച്ചത്. അതിന്റെ ഫലമായി ഏതാണ്ട് 18 ദശലക്ഷം ലിറ്റർ വെള്ളം കൂടി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നേരത്തെ 1970-ൽ ആരംഭിച്ച പദ്ധതിയനുസരിച്ച് 34 ദശലക്ഷം ലിറ്റർ കുടിവെള്ളമായിരുന്നു വിതരണം ചെയ്യാൻ ഉദ്ദേശിച്ചിരുന്നത്. അതു കഴിഞ്ഞ് 10 വർഷമായി യാതൊരു

LIBRARY ARCHIVES Kerala Legislative Assembly